(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ നിലവിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര ഡോക്ടർമാരുടെ പോസ്റ്റുകളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആശുപത്രിയിൽ നിലവിൽ എത്ര സർജൻമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിവിൽ സർജന്റെ നാലും അസിസ്റ്റന്റ് സർജന്റെ എട്ടും ഡെന്റൽ സർജന്റെ ഒന്നും തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) അസിസ്റ്റന്റ് സർജൻമാരുടെ രണ്ട് ഒഴിവുകൾ ഉണ്ട്.

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

172 (1532) ഒറ്റപ്പാലം താലൂക്കാശുപത്രിയിലെ കുട്ടികളുടെ വാർഡ്

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ കുട്ടികളുടെ വാർഡ് തകർന്നുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വാർഡ് തകർന്നുകിടക്കുന്നതുകാരണം ശിശുരോഗ ചികിത്സ ലഭ്യമല്ലാത്ത അവസ്ഥ നിലവിലുണ്ടോ;

(സി) എങ്കിൽ ഈ വാർഡ് പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

173 (1533) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തു തുക ബഡ്ജറ്റിൽ (1999-2000) വകയിരുത്തിയിട്ടുണ്ട്;

(സി) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിന് മേൽനടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ഒറ്റപ്പാലം താലൂക്കാശുപത്രി കെട്ടിട നിർമ്മാണം മുനിസിപ്പാലിറ്റിയുടെ അധികാര പരിധിയിൽ വരുന്നതിനാൽ മുനിസിപ്പാലിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 4.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

174 (1534) തിരുവണ്ടൂർ പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാനുള്ള പ്രൊപ്പോസൽ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലുള്ള തിരുവണ്ടൂർ പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) നാഷണൽ ഹൈവേയിലെ പ്രധാനപ്പെട്ട പ്രസ്തുത ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഈ വർഷം 25 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹ്യാരോഗ്യകേന്ദ്രങ്ങളായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഇത് സംബന്ധിച്ച് തീരുമാനമൊന്നുമായിട്ടില്ല.

175 (1535) വയനാട് ജില്ലയിലെ ഹോമിയോ സ്ഥാപനങ്ങൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ വേങ്ങപ്പള്ളി, പടിഞ്ഞാറെത്തറ, തൊണ്ടർനാട്, അരിയോട്, തവിഞ്ഞാൽ എന്നീ പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ല.

(ബി) ഈ സാമ്പത്തികവർഷം പുതിയ 50 ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സ്ഥല നിർണ്ണയം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly